പൊതുമരാമത്തുപണികൾ

*൧൭൪. (൧൯൫) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ സാമ്പത്തിക വർഷത്തിൽ പൊതുമരാമത്തു പണികൾക്കായി എത്ര സംഖ്യയാണ് കൊള്ളിച്ചിട്ടുള്ളത്;

(ബി) അതിൽ നാളിതുവരെ എത്ര സംഖ്യ ചിലവായി?

(സി) കൊല്ലാവസാനത്തിനുമുമ്പ് ഈ സംഖ്യ മുഴവനും ചിലവാക്കുവാൻ നടപടിയുണ്ടോ?

പൊതുമരാമത്തുവകുപ്പു മന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള:)

(എ) ൯൨ ൦.൫ ലക്ഷം.

(ബി) ൯൫.൦ ലക്ഷം. (൧൯൫൫ ജൂലൈ അവസാനംവരെ).

(സി) ചിലവാക്കാമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: വില്ലേജ് റോഡുകൾക്കുവേണ്ടി നീക്കിവെച്ചിട്ടുള്ള തുക ഈ ക്ലട്ടത്തിൽ ഉൾപ്പെട്ടതാണോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഇല്ല.

ശ്രീ. കെ. എ. മാത്യു: അനുവദിച്ചിട്ടുള്ള പണം മുഴുവനും ചിലവാക്കാതെ ഈയാണ്ടിലും അതു ലാപ്സാക്കാൻ ഉദ്ദേശമുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അങ്ങനെ ലാപ്സാക്കി കളയുകയില്ല.

ശ്രീ. കെ. എ. മാത്യു: കഴിഞ്ഞ ബഡ്ജറ്റിൽ ഈ വകക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള തുകകളുടെ ഒരു ലിസ്റ്റ് ഡിപ്പാർട്ടുമെൻറ് മേധാവിക്കു അയച്ചുകൊടുത്തിട്ടുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അയച്ചുകൊടുത്തിട്ടുണ്ട്.

ശ്രീ. കെ. എ. മാത്യു: എന്നാണ് അയച്ചുകൊടുത്തതെന്നുപറയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അതിന്റെ എക്സാറ്റ ഡേറ്റ് ശരിയായിട്ട് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. അയച്ചുകൊടുത്തിട്ടുണ്ടാകുമെന്നാണ വിശ്വസിക്കുന്നത്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: റോഡുകളുടെ മെയിൻറനൻസ് ശരിയായ വിധത്തിൽ നടത്തിക്കാത്തതുകൊണ്ട് വാഹനങ്ങളുടെ ഗതാഗതവേളയിൽ പല കഴപ്പുങ്ങളും നേരിടുന്നതായി അറിയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: സാധിക്കുന്നിടത്തോളം മെയിൻറനൻസ് ജോലികൾ നിർവ്വഹിച്ചുവരുന്നുണ്ട്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: മെയിൻറനൻസ് ജോലികൾ ചെയ്യുന്നില്ലെങ്കിൽ യാത്രചെയ്യുന്നവർക്ക് അതൊരു ഭയങ്കര ശിക്ഷയാണെന്നറിയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ശിക്ഷയായാരിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. എ. താണുപിള്ള: ഇപ്പോഴത്തെ ആറുമാസത്തിനകത്ത് ൩൦ ലക്ഷം രൂപയും, അതിനുശേഷം ൩ കോടി രൂപയും ചിലവാക്കാമെന്നുദ്ദേശിക്കുന്നതു് എന്തുകൊണ്ടാണ്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ജോലിസംബന്ധിച്ചു എസ്റ്റിമേറുകളെല്ലാം തയ്യാറാക്കുന്നതിനു കുറെ താമസം വേണ്ടിവരും. ആ കാലത്തേക്കു കുറച്ചു തുക മാത്രമെ ചിലവാക്കേണ്ടിവരികയുള്ളൂ. അതിനുശേഷമാണ് പ്രധാനപ്പെട്ട ജോലികൾ ആരംഭിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഗാസ്റ്റർ ഡിസിൽവാ: അതാതുവർഷത്തെ പണി അതാതുവർഷം തീർക്കാതെ അനവധി പണം ലാപ്സാക്കുന്നതുപോലെ ഈയാണ്ടിലും തുക ലാപ്സാക്കിക്കളയുകയില്ലേ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: നിവൃത്തിയുള്ളിടത്തോളം ലാപ്സാക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

Sri. P. S. Nataraja Pillai: May I know whether there is not a provision in the P. W. D. Code that the expenditure incurred in the last quarter of the year should not be higher than that incurred in the previous quarter?

Sri. G. Chandrasekhara Pillai: Yes, there is a rule like that.

ക്ഷാമബത്ത

*൧൭൩. (൧൪) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ ചേർക്കുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) പരിഷ്കരിച്ച നിരക്കിലുള്ള ക്ഷാമബത്ത പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാർക്കും അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്തു നടപടിയെടുത്തു?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ഉണ്ട്. കൊച്ചിൻ പ്രൈമറിസ്കൂൾ അസോസിയേഷനിൽ നിന്നും മുച്ചി ഗുപ്തിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) നിവേദനം വിദ്യാഭ്യാസ ഡയറക്ടരുടെ അടിയന്തിരമായ ശ്രദ്ധയിൽ പെടുത്തിയിരിക്കുന്നു. അതിന്റെ വിശദാംശങ്ങൾ പരിശോധിച്ചു തീരുമാനത്തിനു വേണ്ടിവരുന്ന ചിലവു തിട്ടപ്പെടുത്തിയശേഷം വേണ്ട ഉത്തരവു പുറപ്പെടുവിക്കുന്നതായിരിക്കും.

ശ്രീ. അലക്സാണ്ടർ വാകയിൽ: പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാർക്ക് ക്ഷാമബത്ത ഇതുവരെ അനുവദിച്ചുകൊടുക്കാത്തതിൽ വല്ല കാരണവുമുണ്ടോ?

ശ്രീ. എൽ. എം. പൈലി: അവരുടെ ക്ഷാമബത്തയെപ്പറ്റി ശ്രുതഗതിയിൽ നടപടികൾ എടുക്കുകയാണ്. പെട്ടെന്നു തീരുമാനമുണ്ടാക്കാം.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാർക്ക് ഇതുവരെ ക്ഷാമബത്ത കൊടുക്കാത്തതുകൊണ്ട് അവർ പ്രതിഷേധം പറഞ്ഞറിയിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. എൽ. എം. പൈലി: അറിഞ്ഞുകൂടാ.

റേഷൻ

*൧൭൭. (൧൫) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ കാണിച്ചിട്ടുള്ള ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പ്രായപൂർത്തിവന്ന ഒരു വ്യക്തിക്ക് പ്രതിദിനം ഇപ്പോൾ എത്ര ഔൺസ് റേഷൻ അരി വീതമാണ് കൊടുക്കുന്നത്;

(ബി) ഈ റേഷൻ കുറവിനുള്ള കാരണം എന്ത്;

(സി) റേഷൻ വർദ്ധിപ്പിക്കുവാനുദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എത്ര; എന്നുമുതൽ?

LIBRARY ARCHIVES Kerala Legislative Assembly